little KITEs

# വസന്തം

**St.Paul's HSS**
**Valiakumaramangalam**





Our Patron



## Our Manager

Rev.Fr.Mathew Kavanadimalayil



**Headmaster**

**Shri.Shajimon M T**

# ഉള്ളടക്കം

1. ഒരു കാട് ..................................................................... 6
2. ഓർമകളിൽ ഒരു ഭൂമി ............................................... 7
3. പരിസ്ഥിതി സംരക്ഷണം ............................................... 8
4. കിങ്ങിണി മാവ് ............................................................. 9
5. അമ്മൂമ്മക്കവിത ...........................................................10
6.വൃക്ഷാലയം ........................................................................11
7.വിദ്യാഭ്യാസത്തിൽ കലകൾക്കുള്ള സ്ഥാനം ............ 12
8. നിഴലുകൾ ....................................................................... 13
9. പ്രസംഗം ഒരു കല ....................................................... .14
10. സ്വർണ്ണആപ്പിളുകൾ ................................................... 15
11. മലയാളം ...........................................................................16
12. സ്വർണക്കിളി .............................................................. 17
13. പുതുമഴ ......................................................................... 18
14. ഉത്തരം ........................................................................... 19
15. സാഹസം ......................................................................... 20
16. നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു? ..............21
17. മനസ്സറിയാതെ ............................................................ 22
18. വർഷപാതമെവിടെ? ................................................. 23
19. കിങ്ങിണപ്പൂച്ച .......................................................... 24
20.കാഴ്ചകൾ ....................................................................... 25

# ഒരു കാട്



കാട്ടിൽ ഒരു മാൻ കൂട്ടം,അതിൽ ഒരു മാൻ പ്രസവിക്കുന്നു . അന്നേരം പിറന്നു വീഴുന്ന മാൻ കുട്ടിയും ബാക്കി മാനുകളും മരങ്ങളും ഒക്കെ ആയിട്ടുള്ള ഒരു സംഭാഷണം കുട്ടി ആ അന്തരീക്ഷവും തെളിഞ്ഞ ആകാശവും ഒക്കെ കണ്ടിട്ട് അമ്മയോട് പറയുകയാണ് എന്തു ഭംഗി ആണ് ഈ ലോകം അമ്മയുടെ വയറ്റിൽ മൊത്തം ഇരുട്ടായിരുന്നു എനിക്ക് ഒന്ന് നേരെ നിൽക്കാൻ പോലും കഴിയില്ലായിരുന്നു എന്നാൽ ഇപ്പോൾ എനിക്ക് ഓടിച്ചാടി നടക്കാൻ സാധിക്കുന്നു. ഈ പ്രകൃതി എത്ര സുന്ദരമാണ് . തെളിത്ത ആകാശം, പച്ചപ്പ് വിരിച്ച പോലെ മലകളും കുന്നുകളും, ശാന്തമായി ഒഴുകുന്ന പുഴയും നദിയും, ആകാശം മുട്ടെ ഉള്ള കൂറ്റൻ മരങ്ങൾ, ചെടികൾ ,പുഷ്പങ്ങൾ, എന്തു മനോഹരം ആണ് . ശരിക്കും ഇവിടെ ആണ് സ്വർഗ്ഗം. അപ്പോൾ അമ്മ : മോനേ ഇവിടെ മനുഷ്യർ എന്ന ഒരു വിഭാഗം ഉണ്ട്. അവരെല്ലാം ഇന്ന് വീടുകളിൽ ആണ്. അവർ പുറത്തിറങ്ങിയാൽ ഇപ്പോൾ കാണുന്ന തെളിഞ്ഞ ആകാശമോ നദികളോ പുഴ കളോ ഒന്നും തന്നെ കാണില്ല.. മരങ്ങളെല്ലാം വെട്ടിമുറിക്കും പുഴകളിലും നദികളിലും മലിന ജലം ഒഴുക്കി വിടും. ഫാക്ടറികൾ പ്രവർത്തിപ്പിക്കും. അതുവഴി പുകപടലം ഈ അന്തരീക്ഷത്തെ വിഴുങ്ങും. അതുമാത്രമല്ല പുഴകളിലും നദികളിലും വനത്തിലും പൊതുസ്ഥലത്തും എല്ലായിടത്തും പ്ലാസ്റ്റിക് വലിച്ചെറിയും. വാഹനങ്ങൾ നിരത്തിലിറങ്ങും അതു വഴി വായു മലിനീകരണവും ശബ്ദ മലിനീകരണവും ഉണ്ടാകും. അങ്ങനെ അങ്ങനെ മോൻ ഇപ്പോൾ കാണുന്ന എല്ലാ സൗന്ദര്യവും ഇല്ലാതെ ആകും കുട്ടി: അത്രക്ക് ക്രൂരന്മാർ ആണോ മനുഷ്യർ അമ്മ : ആണോന്നോ മോന്റെ അച്ഛനെ ഉൾപ്പെടെ ഇവിടെ ഉള്ള എല്ലാ മൃഗങ്ങളെയും അവർ കൊന്നു തിന്നു. പ്രകൃതിയോടും നമ്മളോടും ഇത്രയും നാൾ അവർ ചെയ്ത യാതനകൾക്ക് പ്രതികാരമായി ലോകം മുഴുവൻ ഒരു മഹാമാരി വന്നിരിക്കുകയാണ് ലക്ഷത്തിലധികം ആൾക്കാർ ഇതുവരെ മരിച്ചു വീണു മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പടരുന്ന ഈ മഹാമാരി വന്നതോടെ മനുഷ്യർ വീടുകളിൽ തന്നെ സ്ഥാനം ഉറപ്പിച്ചു അതുകൊണ്ടാണ് ഇന്നീ പ്രകൃതിക്ക് ഇത്ര മനോഹാരിത തോന്നിപ്പിക്കുന്നത് .ഈ രോഗം ഭേദമാകുംബോൾ മനുഷ്യർ വീടുവിട്ടിറങ്ങും .ഈ ഭൂമിയെ വീണ്ടും കൊന്ന് തിന്നാൻ തുടങ്ങും .തെളിത്ത ആകാശം പൊടിപടലങ്ങളാൽ ഇരുണ്ട് മൂടും......... പച്ചപ്പ് വിരിച്ച നിൽക്കുന്ന മലകളും കുന്നുകളും ഇടിച്ചു നിരത്തും .തെളിഞ്ഞു ഒഴുകുന്ന പുഴയിലും നദിയിലും മലിന ജലം ഒഴുക്കിവിടും. ആകാശം മുട്ടെ ഉള്ള കൂറ്റൻ മരങ്ങൾ വെട്ടി നശിപ്പിക്കും. കിളികളുടെയും മൃഗങ്ങളുടെയും വാസസ്ഥലം നശിപ്പിക്കും. മൃഗങ്ങളെ എല്ലാം കൊന്ന് തിന്നും. ഇത് ഒരിക്കൽ സ്വർഗ്ഗം ആയിരുന്നു ഇന്ന് മനുഷ്യർ നരകം ആക്കി മാറ്റി .......... ഇന്ന് ഒരു മഹാമാരിയിലൂടെ ആ സ്വർഗ്ഗം തിരിച്ചു വരികയാണ്. പക്ഷെ ക്രൂരന്മാരായ മനുഷ്യർ വീണ്ടും...

ഷെറോൺ സുരേഷ്
IX B

# ഓർമകളിൽ ഒരു ഭൂമി

ഇനി എനിക്കറിയുവാൻ ദേശമില്ല
ഇനി എന്റെ ഓർമകളിൽ നാടുമില്ല
പഴമയുടെ കവിതകൾ ഓതുവാനായൊരു
കഥ മെനയുവാനും വരികളില്ല

ഓർമകളിൽ എന്നോ കേട്ടു മറന്നൊരു
പഴമയെന്നൊരു വാക്ക് പോയ് മറഞ്ഞു
വയലും പുഴകളും ഒരു നല്ല നെൽപ്പാടം
ഇനി എങ്ങനെ ഞാൻ പകർന്നു നൽകും

കാടും മലകളും ഒഴുകുന്ന നീർച്ചാലും
മലരണി കാടും എന്റെ നാടും
കാലം കടന്നു പോയ് ഇനിയും
വരുന്നൊരു
പുതുയുഗപ്പിറവിക്ക് എന്തു നാട്

പ്രളയവും  നിപ്പയും നമ്മൾക്ക് മുന്നിൽ
ഇന്നൊരുപാട് സൂചന തന്നിടുന്നു
ഇനിയും പഠിക്കുകിൽ എൻ പൊന്നു സോദരാ
ഈ ഭൂമി നമ്മൾക്ക് നഷ്ടമാകും



ഇവാന സെബാസ്റ്റ്യൻ

IX B

# പരിസ്ഥിതി സംരക്ഷണം



ഭൂമിയും ജീവജാലങ്ങളുംഅന്തരീക്ഷവും തമ്മിലുള്ള സമൈക്യമാണ് പരിസ്ഥിതി. മണ്ണും, ഭൂമിയും, അന്തരീക്ഷവും, വായുവും, ജലവും , പ്രകൃതി വിഭവങ്ങളും, മനുഷ്യരും, പക്ഷിമൃഗാദികളും , സസ്യങ്ങളുമെല്ലാം പ്രത്യേക അനുപാതത്തിൽ ഉൾക്കൊള്ളുന്ന ഒന്നാണ് പരിസ്ഥിതി എന്ന പദംകൊണ്ട് അർ ത്ഥമാക്കുന്നത്. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും ദുരുപയോഗം ചെയ്തും ഭൂമിയും ജലവും അന്തരീക്ഷവും യാതൊരു തത്ത്വദീക്ഷയുമില്ലാതെ മലിനപ്പെടുത്തിയും മനുഷ്യർ പരിസ്ഥിതിയെ തകർത്തുകൊണ്ടിരിക്കുകയാണ്. പ്രപഞ്ചത്തിന്റെ നിലനിൽപ്പുപോലും പരിസ്ഥിതിയെ ആശ്രയിച്ചാണിരിയ്ക്കുന്നത് . ഇന്ന് പരിസ്ഥിതിയുടെ നാശത്തിന് ആക്കം വർദ്ധിച്ചിരിക്കുകയാണ്. പരിസരം എന്ന കേവല അർത്ഥത്തിൽ പരിസ്ഥിതിയെ കാണുവാൻ കഴിയില്ല. നമ്മുടെ പരിസരം അഥവാ ചുറ്റുപാട് പരിസ്ഥിതിയുടെ ഒരു പ്രധാന ഘടകമാണ്. പരിസ്ഥിതി നശീകരണം പരിസ്ഥിതി നാശത്തിന് ഇടയാകാറുണ്ട്. പ്രപഞ്ചത്തിന്റെ സംരക്ഷണവും പരിസ്ഥിതിയുടെ പരിധിയിൽ വരും. പ്രപഞ്ചത്തിന്റെ അസ്ഥിത്വം നിലനിർത്തുന്നതും പരിസ്ഥിതിതന്നെ. പ്രപഞ്ചത്തിന്റെ സമതുലിതവും പരസ്പര ബന്ധിതവും തനതു പൂരകവുമായ സ്ഥിതിയാണ് പരിസ്ഥിതി എന്നതുകൊണ്ട് അർത്ഥമാക്കേണ്ടത്. പരിസ്ഥിതിയെ തകർക്കുന്ന പ്രവർത്തനങ്ങൾ പ്രകൃതിയിൽ നടത്തുന്ന ഏകഘടകം മനുഷ്യനാണ്. ഭൂമിയുടെ നിലനിൽപ്പും പ്രപഞ്ച ജീവജാലങ്ങളുടെ ഭാവിയും തകർത്തെറിയുന്നത് മനുഷ്യന്റെ വിവേകപരമല്ലാതെ ജീവിതരീതികളാണ്. തകർന്ന പരിസ്ഥിതി മൂലം ഉണ്ടാകുന്ന വിപത്തിന് ഉത്തരവാദിയും മനുഷ്യൻ തന്നെയാണ്. ഭാവിയ്ക്ക് ഭീഷണിയായിട്ടുള്ളത് മനുഷ്യന്റെ നികൃഷ്ടമായ ജീവിതരീതികളാണ്.

പരിസ്ഥിതിയുടെ സംതുലിതാവസ്ഥ നഷ്ടപ്പെടുന്നതിലൂടെ ശാസ്ത്രത്തിനു പോലും പരിഹരിക്കാൻ കഴിയാത്ത ദുരന്തത്തിലേയ്ക്കാവും പ്രകൃതിയുടെ പോക്ക്. അത് സർവ്വനാശത്തിന്റെ വാരിക്കുഴിയുമാകും. മണ്ണും, അന്തരീക്ഷവും,വായുവും, ജലവും, സസ്യങ്ങളും, മനുഷ്യരും, തമ്മിലുള്ള ബന്ധം തകർക്കുവാനും പ്രപഞ്ചനാശത്തിന് തുടക്കമാകുവാനും ഇത് കാരണമാകും. പരിസ്ഥിതിയുടെ നാശം പ്രക്യതിയുടെയും ജീവജാലങ്ങളുടെയും അതു വഴി മനുഷ്യരാശിയുടെയും നാശത്തിന് ഇടയാക്കുമെന്ന ബോധം പുതിയ തലമുറയിൽ ഉറപ്പിക്കണം. ഈ ബോധ്യം പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്.

അലീന ജയിംസ്
X A

# കിങ്ങിണി മാവ്

ആകാശത്തോളം ഉയർന്നു നിന്ന് എല്ലാം കണ്ടാസ്വദിക്കുന്ന ഒരു കൂട്ടുകാരിയുണ്ടായിരുന്നു ആതിരയ്ക്ക്. വീട്ടുകാരുടെ നിർബന്ധം മൂലം തന്റെ ബാല്യകാലം വീടിന്റെ അകത്തളങ്ങളിൽ കഴിച്ചുകൂട്ടേണ്ടിവന്ന ഒരു പെൺകുട്ടിയാണ് ആതിര. അപ്പോഴും അവൾക്കേകാശ്വാസമായി ഒരു കളികൂട്ടുകാരിയായി കൂടെയുണ്ടായിരുന്നത് അവളുടെ വീടിനുമുൻപിൽ വിടർന്നു പന്തലിച്ചു നിൽക്കുന്ന ആ മാവായിരുന്നു. ആതിര തന്റെ സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവെച്ചുകൊണ്ടിരുന്നത് ആ മാവിനോടാണ്. ആരോടെനിലാത്ത ഒരടുപ്പം അവൾക്ക് ആ മാവിനോടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവൾ ആ മാവിനെ ഓരോമന പേരിട്ടു വിളിച്ചിരുന്നു.......'കിങ്ങിണി മാവ്'.

ഏത് സന്തോഷവും അവൾ ആദ്യം പങ്കുവെക്കുന്നത് കിങ്ങിണിയോടായിരുന്നു. ഉറുമ്പുകളാണ് തന്റെ കിങ്ങിണി മാവിന്റെ ഏറ്റവും അടുത്തകൂട്ടുകാരിലൊരുകൂട്ടർ എന്നാണ് അവൾ വിശ്വസിച്ചിരുന്നത്. താൻ മാവിന് കൊടുക്കുന്ന ഭക്ഷണങ്ങളൊക്കെ ഉറുമ്പാണ് അങ്ങ് ഉയരത്തിൽ തലയുയർത്തി നിൽക്കുന്ന മാവിനുകൊണ്ടുപോയി കൊടുത്തിരുന്നത് എന്നായിരുന്നു അവൾ അവളുടെ കൊച്ചുമനസിൽ വിചാരിച്ചുകൊണ്ടിരുന്നത്. അതുകൊണ്ടുതന്നെ ഉറുമ്പുകളും അവൾക്കേറെ പ്രിയപെട്ടതായിരുന്നു. ആരും കൂട്ടുകൂടാനില്ലാതെ ഏകാന്തതയിൽ കഴിഞ്ഞിരുന്ന അവളിൽ ജീവന്റെ കരസ്പർശം നൽകിയത് ആ മാവായിരുന്നു.

ഒരു ദിവസം അവൾ രാവിലെ എഴുന്നേറ്റ് മാവിന്റെയടുത്തേക്കു വന്നു നോക്കി. ആ സമയം അടങ്ങാത്ത ഒരു സന്തോഷം അവളുടെ മനസ്സിൽ നിറഞ്ഞു. തന്റെ കിങ്ങിണി മാവ് പൂത്തുലഞ്ഞു നിൽക്കുന്ന സന്തോഷവാർത്ത പറയുവാൻവേണ്ടി അമ്മയുടെ അടുത്തേക്കവൾ ഓടി. അകത്തു അച്ഛനും അമ്മാവന്മാരുമെല്ലാം എന്തോ കാര്യമായി ചർച്ച ചെയ്യുകയായിരുന്നു. "നല്ല തടിയാണ്. മുറിച്ചുവിറ്റാൽ ഇച്ചിരി കാശുതടയും. അല്ലേലും അതവിടെ നിന്നിട്ടും വല്യപ്രയോജനമൊന്നുമില്ല. ഇന്നുതന്നെ അവരോട് വരാൻ പറയണം......... ഒട്ടും വൈകിക്കണ്ട....."

കുട്ടിയായിരുന്നെങ്കിലും ഈ സംഭാഷണത്തിന്റെ അർഥം അവൾക് മനസിലാക്കുവാൻ കഴിഞ്ഞു. അവൾ തന്റെ കൂട്ടുകാരിയുടെ അടുത്തേക്കോടിവന്നു കെട്ടിപിടിച്ചു ഒത്തിരി കരഞ്ഞു. കരഞ്ഞു കരഞ്ഞു കരച്ചിൽ സഹിക്കവയ്യാതെ അവൾ ആ മരച്ചുവട്ടിൽ കുറേ നേരം ഇരുന്നു. അപ്പോഴേക്കും മരം മുറിക്കാൻ ആളുകൾ വന്നു. അവർ കോടാലിയും കയറുമൊക്കെയെടുത്തൊരുങ്ങി. എന്റെ കിങ്ങിണിയെ മുറിച്ചുമാറ്റരുതേ എന്നവൾ ഒത്തിരി കരഞ്ഞു പറഞ്ഞു. എന്നാൽ ആരും അത് ചെവികൊണ്ടില്ല. കോടാലിയുമായി അവർ അത് മുറിക്കുവാൻ തയ്യാറായി. അപ്പോഴേക്കും മുകളിൽ നിന്നു ചുവന്ന നൂലുപോലെ ഉറുമ്പിൻമാലകൾ അവരെ വന്നുപൊതിയാൻതുടങ്ങി. മേലാസകലം ചൊറിഞ്ഞു തടിച്ചു വേദന സഹിക്കവയ്യാതെ അവർ ഓടിമാറി. ആ സമയം ആരോ ഒരാൾ ഉറുമ്പിനെ കൊല്ലുന്ന പൊടിയുമായി ഓടിവന്നു അതെല്ലാം അവിടെ വിതറി. തന്റെ കൂട്ടുകാരെല്ലാം ചത്തൊടുങ്ങുന്നത് അതിരക്ക് സഹിക്കാൻ കഴിഞ്ഞില്ല. അവൾ ഉച്ചത്തിൽ വിളിച്ചലറി......... "എന്റെ കൂട്ടുകാരെ കൊല്ലല്ലേ. കിങ്ങിണിയെമുറിക്കല്ലേ..... "എന്നെല്ലാം പറഞ്ഞവൾ പെട്ടന്നു ഞെട്ടിയുണർന്നു. "എന്താ മോളേ എന്താ പറ്റിയെ വെല്ലോ സ്വപ്നവും കണ്ടോ.... " അമ്മചോദിച്ചു. അവൾ ഒന്നും മിണ്ടാതെ ഉമ്മറത്തേക്കോടി. മുറ്റത്തു വെയിലേറ്റു തിളങ്ങി നിൽക്കുന്നു അവളുടെ ആ കൂട്ടുകാരി......

എന്നാൽ അവൾ കണ്ട സ്വപ്നം വരും തലമുറയിൽ കാണേണ്ടി വരുന്ന ഒരു വിപത്താണ് എന്നവൾക്ക് ചിന്തിക്കാൻ കഴിഞ്ഞില്ല. പണത്തിനുവേണ്ടി ഓടുന്ന മനുഷ്യൻ തന്റെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി ഇതുപോലെയുള്ള മരങ്ങൾ വെട്ടിനശിപ്പിക്കുന്നു. മനുഷ്യന് ജീവവായുവും തൊഴിലും മരുന്നും നൽകുന്ന വൃക്ഷങ്ങളെ കാത്തുരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണ് എന്നവർ മറക്കുന്നു. മനുഷ്യന്റെ ലാഭേച്ഛയും സ്വാർത്ഥതയുമാണ് വനനശീകരണത്തിനും പരിസ്ഥിതിനശീകരണത്തിനുമുള്ള മുഖ്യകാരണം. ഈ തെറ്റ് ഇനി അവർത്തിക്കപ്പെടരുത്.നാം ഓരോരുത്തരും മുൻപിൽ നിന്നുകൊണ്ട് ആ തെറ്റ് തിരുത്തണം. അതിനുള്ള കരുത്തു നമ്മുക്ക് ലഭിക്കട്ടെ..........

Daniya Thomas
X B

# അമ്മൂമ്മക്കവിത

അമ്മൂമ്മചൊല്ല്യാർന്നു പണ്ട്
അപ്പനോടമ്മൂമ്മ ചൊല്ല്യാർന്നു പണ്ട്
എന്ന് എന്നോട് ചൊല്ലുന്നെൻറപ്പൻ
എന്നുമെന്നോട് ചൊല്ലുന്നെൻറപ്പൻ
കാലത്തെഴുന്നേറ്റാലപ്പോൾ തന്നെ_
പല്ലുതേപ്പും കുളീം വേണം
എന്നിട്ടേ കാപ്പിയാവാവൂ....
എന്നിട്ടേ എന്തുമാവാവൂ...
വൃത്തിയും കൃത്യവും വേണം.
പിന്നെ സത്യവും ശാന്തവും വേണം
പുഞ്ചിരി തൂകാനൊരല്പം
പോലുമാരോട്ടുമരുതേ അമാന്തം.
മൂളരുതാരോട്ടുമൊന്നും_
മറുപടി പദമായ് മൊഴിയേണമെന്നും
മൂത്തോരെ നിന്ദിച്ചിടാതെ നിത്യം
വന്ദിച്ചിടേണം അതെന്നും നിത്യം
ഭക്തിയും ശ്രദ്ധയും വേണം.
അറിവിനോടാഗ്രഹം വേണം
മാതാപിതാഗുരു ദൈവമെന്ന
വചനം മനസ്സിലും വേണം
കുറയാതെ പാലിച്ചിടേണം നാടിൻ
ചട്ടങ്ങളെല്ലാം ശരിയായ്......
ആരോഗ്യരക്ഷയ്ക്കു വേണ്ടി എന്നും
ദിനചര്യ തെറ്റാതെ വേണം

Kezia Pious

IX B

# വൃക്ഷാലയം

മ ണ്ണിനടിയിലെ
കുരുക്കുകളുടെ കഥ
വേരുകൾ പക  ർത്തി
ശിഖരങ്ങളി ൽ പൂവിടുന്നു
പുതിയ യാത്രാവിവരണങ്ങൾ
ഒളിഞ്ഞ വിത്തുകളുടെ ആത്മകഥ
മഴക്കാലത്ത്
ഒരു ശരിക്കവിതയായ്
മുളയ്ക്കുന്നു
വൃക്ഷം ഒരു ഗ്രന്ഥാലയം
അവിടെയുണ്ട്
പെയ്തൊഴിഞ്ഞ പേമാരികളുടെ
മഹാകാവ്യങ്ങൾ
ആഞ്ഞടിച്ച കൊടുങ്കാറ്റിന്റെ ഭാവഗീതങ്ങൾ
തടുത്തു തക ർത്തു തണലായ്
താഴെക്കിട്ട വെയി ൽപ്പാളികളുടെ
ആളിപ്പടരലുകൾ-
അവസാനിക്കാത്ത ഉപന്യാസങ്ങൾ .

***Linta Stalin***
***X B***

# വിദ്യാഭ്യാസത്തിൽ കലകൾക്കുള്ള സ്ഥാനം

**വി** ദ്യാഭ്യാസം എന്ന് പറയുമ്പോൾ ബുദ്ധിയേയും കർമ്മശക്തിയേയും വളർത്തുക എന്നു മാത്രമല്ല നാം വിവക്ഷിക്കുന്നത്.മനുഷ്യന്റെ അന്തഃസത്തയെ വികസിപ്പിക്കുകയും ശുദ്ധമാക്കുകയും ചെയ്യുക, അവനിലുള്ള താണതരം വികാരങ്ങളെ മെരുക്കുകയും സൽസ്വഭാവങ്ങളെ സംസ്കരിക്കുകയും ഇവയൊക്കെ വിദ്യാദ്യാസത്തിന്റെ മറ്റു ചില ലക്ഷ്യങ്ങളാണ്. ചിന്തിക്കാനും ആധുനിക ജീവിതത്തിന്റെ സങ്കീർണമായ ചുമതലകളെ ഏറ്റെടുക്കാനും കഴിവുള്ള ചെറുപ്പക്കാരെ സൃഷ്ടിക്കുക എന്നത് ഏതു രാഷ്ട്രത്തിന്റെയും നിലനിൽപ്പിന് തന്നെ ആവശ്യമാണ് ക്ലാസ്സ് മുറികളിലും ലാബോറട്ടറികളിലും ഒതുങ്ങി നിൽക്കാത്ത വിദ്യാഭ്യാസമുണ്ട്.സാഹിത്യത്തിന്റെയും കലകളുടേയും മനുഷ്യചരിത്രത്തിന്റെയും മണിയറകളിൽ നിന്നും മാത്രമേ ഇതു ലഭിക്കുകയുള്ളൂ.

ഈ വിഭ്യാസമാണ് മനുഷ്യന്റെ ഏണും കോണും ചെത്തിമിനുക്കി അവന് ഒരു സംസ്ക്കാരസമ്പന്നന്റെ രൂപം നൽകുന്നത് .സാഹിത്യത്തിനും ചരിത്രത്തിനും മുമ്പുതന്നെ വിഭ്യാഭ്യാസത്തിൽ സ്ഥാനം നൽകിയിട്ടുണ്ട് .പക്ഷെ, കലകൾക്ക് സ്ഥാനം ഇപ്പോൾ നൽകി തുടങ്ങിയിട്ടേയുള്ളു.

***Isa Maria Rajeev***

***X B***

# നിഴലുകൾ

നിഴലുകൾ മായുന്നു. നിഴലുകൾ മായുന്നു
രാത്രിതൻ മൂകാന്തരാത്മാവിൽ ചേരുന്നു
നിലയില്ല ഒഴുക്കിലായ് എൻ നിഴൽ
അകപ്പെട്ടുപോകുന്നു നിലവിളിക്കുന്നിതാ
ആദിത്യൻ തൻ പൊൻകിരണങ്ങളേറ്റാലും
ചെറുകാറ്റുതൻ കുളിർസ്പർശമേറ്റാകിലും
എൻ നിഴൽ തേടുന്നു ഒരൊളിത്താവളം
ഇരുട്ടിൻെ മാറിലേക്കൊട്ടും വരെ
ഭയപ്പെട്ടിട്ടോടുന്നു ഇന്നിൻ്റെ നിഴലുകൾ
വിറച്ചുചുരുങ്ങുന്നു കണ്ണുതുറക്കുമ്പോൾ
കഴിയുന്നില്ല അവയ്ക്കൊട്ടൊന്നു നീങ്ങുവാൻ
വെളിച്ചം അവയെ ഭയപ്പെടുത്തുന്നിതാ



Jerin George
IX A

# പ്രസംഗം ഒരു കല

പ്ര സംഗം ഒരു കലയാണ്.ആയിരങ്ങളെ ആവേശഭരിതരാക്കാൻ കഴിവുള്ള ഒരു കല. മനുഷ്യമനസിനെ ഉണർത്താനും ഉത്തേജിപ്പിക്കാനും ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും പ്രസംഗത്തിനു കഴിയും. ആശയവിനിമയത്തിനായി മനുഷ്യൻ സ്വീകരിക്കുന്ന രണ്ടു മാർഗങ്ങൾ എഴുത്തും പറച്ചിലുമാണ്-വരമൊഴിയും വാമൊഴിയും.ഇവരണ്ടും ആശയപ്രചാരണത്തിനാ യി യഥേഷ്ടം ഉപയോഗിക്കുന്നു.എഴുതി പ്രകാശിപ്പിക്കുന്ന കാര്യങ്ങൾ അഭ്യസ്തവിദ്യരായ കുറച്ചുപേർക്കു മാത്രം ഉപകാരപ്പെടുമ്പോൾ, പറയപ്പെടുന്ന പ്രസംഗങ്ങൾ സർവജനങ്ങളേയും സ്പർശിക്കുന്നു. അതായത് എഴുത്തിനേക്കാൾ ജനകീയസ്വഭാവം പ്രസംഗത്തിനുണ്ട് എന്നർഥം. അതിനാൽ പ്രസംഗം ഒരു ജനകീയകലയാണ് എന്ന് പറയാം. വിശ്വസാഹിത്യകാരനായ ലിയോ ടോൾസ്റ്റോയി ഒരിക്കൽ പറഞ്ഞു. "എല്ലാ നല്ല കലകളുടേയും ലക്ഷ്യം മനുഷ്യന്റെ മനസിലെ നന്മകളെ ഉണർത്തുകയും ഉയർത്തുകയും ചെയ്യുകയാണ്.പ്രസംഗകലയുടെ ലക്ഷ്യവും ഇതുതന്നെ." ഏറെ ജനപ്രീതി പിടിച്ചുപറ്റാൻ കഴിയുന്ന കലാരൂപമാണ് പ്രസംഗം. പ്രസംഗകലയുടെ പ്രാധാന്യം മനസിലാക്കി അതിന്റെ ശക്തിയും സൗന്ദര്യവും എങ്ങനെ സ്വന്തമാക്കാം എന്ന അന്വേഷണവും അതിനുവേണ്ടിയുള്ള പരിശ്രമവും നടത്തുന്ന ഏതൊരാൾക്കും ഈ കലയിൽ വിജയിക്കാൻ കഴിയും.

Sanju Suresh

IX A

# സ്വർണ്ണആപ്പിളുകൾ



ചൈ നയിലെ ബിയാങ്ഗ്രാമത്തിലെ ഒരു ആപ്പിൾ കൃഷിക്കാരനാണ് ചിൻഷിയാങ്. ഒരു ദിവസം അയാൾ വണ്ടി നിറയെ ആപ്പിളുമായി ഹെനാൻ പട്ടണത്തിലെക്ക് പോയി.തിളങ്ങുന്ന സ്വർണനിറമുള്ള ആപ്പിളുകളായിരുന്നത്! ആളുകൾ ചുറ്റും കൂടി. അപ്പോൾ പ്രായം ചെന്ന ഒരു സന്യാസി അടുത്തെത്തി ചോദിച്ചു.

ഇന്ന് ഒന്നും കഴിച്ചിട്ടില്ല.ഒരാപ്പിൾ തരാമോ?" " ഹം!ഇത് ഞാൻ അധ്വാനിച്ച് ഉണ്ടാക്കിയതാണ്.ദാനം ചെയ്യാനുള്ളതല്ല"ചിൻ ദേഷ്യപ്പെട്ടു.

“ഒരു വണ്ടി നിറയെ ആപ്പിളുണ്ടല്ലോ ഒന്നല്ലേ ചോദിച്ചുള്ളു.”സന്യാസി യാചിച്ചു. “വണ്ടി നിറയെ മാത്രമല്ല,തോട്ടം നിറയെ സ്വർണ ആപ്പിളുണ്ട്.”ചിൻ പറഞ്ഞു.

" ഒരെണ്ണം കൊടുക്കന്നേ"ഒരു യുവാവ് പറഞ്ഞു.ചിൻ ചോദിച്ചു

“കാശ് നിങ്ങൾ തരുമോ?” “ഞാൻ തരാം,”അയാൾ ഒരു ആപ്പിൾ സന്യാസിക്ക് കൊടുത്തു. സന്യാസി സാവധാനം അതു കടിച്ചു തിന്നു.എന്നിട്ട് അതിന്റെ കുരു

എടുത്തു ചന്തയിയിൽ ഒഴിഞ്ഞ സ്ഥലത്ത് കുഴിച്ചിട്ട് പറഞ്ഞു.

“ആരെങ്കിലും ഇതിനൽപ്പം വെള്ളം കൊടുക്കൂ.” ഒരാൾ തോൾ സഞ്ചിയിൽ നിന്നും വെള്ളമെടുത്തു വിത്തു നനച്ചു. അദ്ഭുതം...അടുത്ത നിമിഷം വിത്ത് മുളച്ച് ഇലകൾ വരാൻ തുടങ്ങി.ആളുകൾ നോക്കി

നിൽക്കേ ചെടി മരമായി വളർന്നു. അത് പൂവിട്ടു.കായിച്ചു.കായ്കൾ പഴുത്ത് സ്വർണനിറമുള്ള ആപ്പിളുകളായി! ആളുകൾ മരത്തിൽ കയറി ഇഷ്ടം പോലെ ആപ്പിൾ തിന്നു.അന്തം വിട്ടു നിൽക്കുന്ന ചിന്നിന് ഒരു ആപ്പിൾ കൊടുത്ത് സന്യാസി നടന്നു മറഞ്ഞു. പട്ടണത്തിൽ തന്റെ ആപ്പിളുകൾ ഇനി ചിലവാകില്ലെന്ന് ചിന്നിന് മനസ്സിലായി.വണ്ടിയും തള്ളി അയാൾ ഗ്രാമത്തിലേക്ക് പോയി.

*Ahina Dani*

*X B*

# മലയാളം

അ റിവാകുന്ന വിദ്യാലയ–

തിരുമുറ്റത്ത് വാക്കുകളാൽ

പിച്ചനടക്കാൻ എന്നെ

പഠിപ്പിച്ചവൾ മലയാളം

ഞാനറിയാതെപോയ

അറിവിലേക്കും

ലോകത്തിലേക്കും എന്നെ

നയിച്ചവൾ മലയാളം

പുലരിപോലെ പൂത്തുലഞ്ഞ

പൂമരംപോലെ നിറപകി–

ട്ടാർ ന്നവൾ മലയാളം

പുലരിയിൽ വിടരും പൂവിൻ

സുഗന്ധമെൻ മലയാളം

മഴവില്ലിൽ ലയിച്ചുകിടക്കും

ഏഴുവർണ്ണമെൻ മലയാളം

രാക്കുയിലിൻ പാട്ടിലെ

സപ്തസ്വരമെൻ മലയാളം

പുല്ലാങ്കുഴലിൻ നാദംപോൽ

ഒഴുകിയകലും പുഴപോൽ

തഴുകിയകലും കാറ്റുപോൽ

എൻ മലയാളം! അമ്മ മലയാളം.

Abhirami Reji
X A

# സ്വർണക്കിളി

മ ഞ്ഞമലയുടെ അടിവാരത്തെ മഞ്ഞകണിക്കൊന്നയിലാണ് മഞ്ഞക്കിളി

കൂടുവെച്ചത്.സ്വർണ്ണക്കിളിയുടെ കൂടിനു ചുറ്റും സ്വർണക്കിളിയുടെ കൂട്ടുകാരും

ഉണ്ടായിരുന്നു.സ്വർണക്കിളിയെ എല്ലാവർക്കും വലിയ ഇഷ്ടമാണ്.അവൾ

പാവങ്ങളെ സഹായിക്കും. അതു കൊണ്ട് തന്നെ സ്വർണ്ണക്കിളിക്ക്

ഒത്തിരി കൂട്ടുകാരുണ്ടായിരുന്നു.

സ്വർണ്ണക്കിളി

കൂട്ടുകാർക്ക് സ്വർ

ണ്ണതൂവലുകൾ കൊടുക്കുന്ന

വിവരം മഞ്ഞമലയിലെ

കില്ലൻ ചെന്നായ അറിഞ്ഞു.

കില്ലൻ ചെന്നായ

വിചാരിച്ചു.ഒരു സ്വർണ്ണതൂവൽ

തനിക്ക് കുട്ടിയാൽ തനിക്കും നല്ലൊരു വീട്

പണിയാം.ഇഷ്ടമുള്ളതെല്ലാം വാങ്ങാം.

കില്ലൻ മഹാവികൃതിയും കള്ളനും

ആയിരുന്നു.കില്ലനെ സ്വർണ്ണക്കിളിക്ക്

തീരെ ഇഷ്ടമല്ല.കില്ലൻ പകലെല്ലാം

ചുറ്റിക്കറങ്ങും.എല്ലാവരുടേയും വീടിന്റെ

മുറ്റത്തും പറമ്പിലുമുള്ള സാധനങ്ങൾ കണ്ട്

വയ്ക്കും.രാത്രി ആയാൽ ഓരോ സാധനങ്ങളും ആരും കാണാതെ

കട്ടെടുക്കും.അതിനാൽ മഞ്ഞമലയിലെ പക്ഷിളെല്ലാം കില്ലനെ

എങ്ങനെയെങ്കിലും ഒന്നോടിച്ചാൽ മതിയെന്നു

കരുതിയിരിക്കുകയായിരുന്നു.

കില്ലൻ സ്വർണ്ണക്കിളിയുടെ അടുത്തെത്തി.

“സ്വർണ്ണക്കിളീ.... സ്വർണ്ണക്കിളീ...

എന്റെ കുഞ്ഞുങ്ങൾക്ക് തീരെ സുഖമില്ല, എനിക്കൊരു

സ്വർണ്ണ

തൂവൽ തരുമോ?”

കില്ലൻ പറഞ്ഞത് കളവാണന്ന് സ്വർണ്ണക്കിളിക്കറിയാം.

എങ്കിലും അവൾ തൂവൽ കൊടുത്തിട്ട് പറഞ്ഞു:

“ഇനിയെങ്കിയും നിന്റെ വികൃതിയും കട്ടെടുക്കലും

അവസാനിക്കണം.”

കില്ലൻ,സ്വർണ്ണക്കിളിയു ടെ തലയിൽ തൊട്ടു സത്യം ചെയ്യുതു.“ഇനി

ഒരിക്കില്ലും ആരുടെയും ഒന്നും കട്ടെടുക്കില്ല”.

സ്വർണ്ണതൂവൽ കിട്ടിയ സന്തോഷത്തോടെ

കില്ലൻ മഞ്ഞമലയിലേക്ക് യാത്രയായി.വീട്ടിലെത്തിയ കില്ലൻ

സ്വർണ്ണക്കിളിയെ കുറിച്ചോർത്തു.



Albin Biju
IX B

# പുതുമഴ

കണ്ടുഞാൻ ആകാശപ്പരപ്പിൽ-
അഴകൊട്ടു കാർമേഘ കൂട്ടങ്ങളെ,
ആകാശമാകുന്ന ഓളപ്പരപ്പിൽ
നാട്യമതങ്ങനെ ചെയ്യുമ്പോൾ
അകലെയകലേനിന്നോരൊ
കാർമേഘപാളികൾ
ആകാശചെരുവിലൊളിച്ചു
കാർമേഘ കൂട്ടങ്ങൾ
കണ്ണീരാൽ ഭൂമി നിറച്ചു.

Josna Michael
VIII B

# ഉത്തരം

ഒറ്റപ്പെട്ടു പോകുന്നത് വേദനയല്ല
തിരിച്ചറിവിൻെറ സംഗീതമാണത്
കുറ്റപെടുത്തലുകൾക്കു മേയാൻ
ഒരു പുൽത്തകിടിയാകുന്നതു ദുഃഖമല്ല
അപ്പോഴും മനസ്സിൽ മന്ദസ്ഥായിയിൽ
ഒരു ശ്രുതിയുണ്ടാവും
മറ്റുള്ളവർക്ക് കേൾക്കാനാവാത്തലയം
അക്ഷരങ്ങൾ കൊണ്ട്
അന്യനായി പോകരുത്
ആത്മാവിൻെറ വറുതിയല്ല
അജ്ഞാതരാഗങ്ങളുടെ ഭാവപ്രകാശമാണ്
പിറവിയുടെ ദുഃഖത്താൽ കനം തൂങ്ങുന്ന ജീവിതം
ഒരു സമസ്യയല്ല
മറ്റുള്ളവർ വായിച്ചെടുക്കാത്ത ഉത്തരമാണത്.

Grace Jijo
VIII B

# സാഹസം

പച്ചവിരിച്ചൊരു നെല്പാടത്തിൻ
മുകളിൽ തുമ്പികൾ പാറുംപോൽ
അറ്റം കാണാതാകാശത്തിൽ
പക്ഷിച്ചിറകുകൾ വീശുംപോൽ
സ്വപ്നത്തിന്റെ വിമാനം കയറി
മനസ്സിൻ വേഗമളക്കും നാം
മഴവില്ലിന്റെ വലിപ്പം കാണാൻ
മാനത്തിൻവഴി തുഴയുഠ നാം
ഇടറാതൊച്ചയുമറിയാതങ്ങനെ
ഒറ്റക്കയറിലെ കളിയാട്ടം
ഒച്ചുവരച്ചൊരു നൂലൊന്നിന്മേൽ
ക്കുനനുറുമ്പുകൾ വരിയാട്ടം
നീലക്കടലിന്നാഴം കണ്ടേൻ
മീനുകളുള്ളിൽ തുള്ളുമ്പോൾ
കാട്ടുകൾ ലഹരിപ്പട്ടിൻ കൊമ്പി
ലിരുന്നൊരു പച്ചവരിക്കുന്നു
മണലിൻ തീരത്തുയരാൻ വെമ്പുഠ
കു ഞ്ഞുമനസ്സൊരു പട്ടംപോൽ
മഴവില്ലിന്റെ കുടക്കയ്യിന്മേൽ
തൂങ്ങിവിടർന്നൂ ബാല്യങ്ങൾ

Alan Biju

VIII B

# നിങ്ങളെൻ
# ലോകത്തെയെന്തു ചെയ്തു?

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു പെട്ടെന്നവൾ നടുങ്ങുന്നു
പിടയുന്നു ചുറ്റിപ്പറന്നഴലുന്നു
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു.



Loveson George

VIII B

# മനസ്സറിയാതെ

കരിഞ്ഞു കത്തുന്ന കാഴ്ചയാമീവിധം
ശിഥിലമോഹങ്ങൾ കനത്തു നിൽക്കവേ,
ഉരുൾപ്പകർച്ചയിൽ നോവുപാട്ടുകൾ
ഉയിരറ്റനാദമായ് പിന്നെയും തേട്ടുന്നു.
പനിക്കലമ്പുകൾ സ്വപ്നരാത്രികളിൽ
പൊലി ഞ്ഞ മോഹത്തിൻ പേക്കോലം കെട്ടിയാടുന്നു.
നീണ്ടുപോകുന്ന വഴിക്കണ്ണുകളിലെവിടെയോ
വിണ്ടുകീറിയ കാലടികൾ തീണ്ടിയൊടുങ്ങുന്നു.
പിടയ്ക്കും നെഞ്ചകം കനലുകാക്കുമ്പോൾ
മുഴക്കങ്ങളായുള്ളു തകർന്നുപൊട്ടുന്നു.
കൊടും ഞരക്കങ്ങളാൽപിന്നെ വീർപ്പുമുട്ടി
എരിഞ്ഞവെയിലിൽ പിടഞ്ഞു നിൽക്കുന്നു.
ഇടക്കിടെയീ സാന്ത്വന വർഷമേഘമെന്തിന്?
ഇടർച്ചയാലെന്റെ പ്രഭാവം കെടുത്തുവതിനോ ?
അകൽച്ചയായൊരു സ്നേഹതീർത്ഥമേ മടിയാതെ
ഉറവയൂറ്റിയുണർത്തു പാട്ടായ് പെയ്തിറങ്ങുക.
ഒരു നനുത്തസ്പർശമായുള്ളുണർത്തുവാൻ
എങ്ങുനിന്നെത്തുമെൻ ഹൃദയരാഗമേ ?

Ann Mariya Joseph
X A

# വർഷപാതമെവിടെ?

കന്നിയുടെ കരൾപിളർന്ന്
മണ്ണിലേക്കൊഴുകിയെത്തുന്ന
മഞ്ഞുപെയ്ത്താലും
കുളിരുവാർന്നാലും
നിന്റെയാരവത്തിൻ
ശക്തി ചോരുമോ?
തുലാവൃശ്ചിക കാറ്റുമാഞ്ഞുപോയോ
തുണതേടുമിണക്കിളിയും പറന്നുപോയോ?



*Aiswarya Shaji*

*VIII A*

# കിങ്ങിണിപ്പൂച്ച



കിന്നരിപ്പൂച്ച അന്തം വിട്ടു.അരിമണി ഒരു തരിപോലുമില്ലാതെ അണ്ണാറക്കണ്ണൻ തിന്നു തീർത്തു . കുറച്ചുനേരം കഴിഞ്ഞു . ഉച്ചയായപ്പോൾ മണികണ്ഠനാനയെത്തി .പുത്തരിച്ചോറില്ലാതെ വിഷമിച്ചിരിക്കുന്ന കിന്നരിപ്പൂച്ചയെ കണ്ടപ്പോൾ മണികണ്ഠനാനയുടെ കണ്ണുനിറഞ്ഞു.ഒപ്പം കിന്നരിപ്പൂച്ചയെ സമാധാനിപ്പിച്ചു .

കി ങ്ങിണികെട്ടിയ കിന്നരിപ്പൂച്ച പുത്തനുടുപ്പിട്ട് പുഞ്ചപ്പാടത്ത് കൊയ്ത്തിന് പോകാനൊരുങ്ങി. കൊച്ചു മടിക്കുത്തിൽ പളപളാ മിന്നുന്ന പൊന്നരിവാൾ തിരുകിവച്ചു. വലിയ വട്ടപ്പൊട്ട് കുത്തി കിന്നരിപ്പൂച്ച കുണുങ്ങിക്കുണുങ്ങി കിങ്ങിണിപ്പുഴയുടെ തീരത്തെത്തി . കിങ്ങിണിയാറിന്റെ തീരത്തെത്തിയപ്പോഴോ ? തോണിയും തുഴയുമൊന്നുമില്ല .

അങ്ങനെ വിഷമിച്ചു നിൽക്കുന്ന കിന്നരിപ്പൂച്ചയുടെ അടുത്തേക്ക് മണികണ്ഠനാന ഓടിയെത്തി .

കിന്നരിപ്പൂച്ച മണികണ്ഠനോട് ചോദിച്ചു.

"മണികണ്ഠനാനെ .... എന്നെ കിങ്ങിണിപ്പുഴയൊന്ന് കടത്താമോ?"

"അങ്ങനെയൊണങ്കിൽ ഞാൻ പുത്തരിച്ചോർ നൽകാം ."

പുത്തരിച്ചോർ എന്ന് കേട്ടപ്പോൾ തന്നെ മണികണ്ഠനാനയുടെ വയറു നിറഞ്ഞു .

മണികണ്ഠനാന കിന്നരിപ്പൂച്ചയെ കിങ്ങിണിയാറു കടത്തി . പുന്നെല്ലുമായ് തിരിച്ചെത്തിയ കിന്നരിപ്പൂച്ച

പുത്തരിച്ചോർ വെക്കാൻ പുത്തൻ കലം വാങ്ങാൻ ചന്തയിലേക്കു പുറപ്പെട്ടു .പുത്തൻ കലവുമായി തിരിച്ചെത്തിയ കിന്നരിപ്പൂച്ച പുതിയ അരി എടുക്കാൻ വീട്ടിനകത്തെത്തി.

Bibin George

VIII A

# കാഴ്ചകൾ

കാലമെന്ന മഹാമാന്ത്രികന്റെ
ജാലവിദ്യകൾ കണ്ടുനിൽക്കുമ്പോൾ
ഓർത്തെടുക്കാൻ നിറമുള്ളതൊന്നും
ഏറെയില്ലാത്ത ബാല്യം വിതുമ്പി
പൂക്കുലകൾ നിറഞ്ഞ മാവിന്റെ
ചോട്ടിലെന്തു തണലായിരുന്നു!
തൊട്ടടുത്തുള്ളയിലഞ്ഞിയിൽ നിന്നാ-
യെത്തിനോക്കിയ കാറ്റുപറഞ്ഞു.
"പൂക്കളെത്ര മനോഹരം, എന്റെ
രാത്രികൾ മദോന്മത്തമാക്കുന്നു."
പൂക്കൾ പോയി, ശലഭങ്ങൾ പോയി
മാഞ്ഞുപോയി മനോഹരദൃശ്യം
കൃത്രിമത്വം, കപടഭാവങ്ങൾ
നൃത്തമാടും അരങ്ങുകൾ മാത്രം.
ശാഖനീട്ടിവളർന്നമരങ്ങൾ
ശോകമൂകം തലതാഴ്ത്തി നിന്നു.
പക്ഷികൾ കൂടുതേടിപ്പറന്നു
കാട്ടുചോല നടനം മറന്നു
ഉള്ളിലാകെ മലിമസഗന്ധം
കാറ്റുവീശാൻ മടിച്ചു നിൽക്കുന്നു.
ഒച്ചയില്ല ബഹളങ്ങളില്ല
ദീർഘനിശ്വാസനിസ്വനം മാത്രം.

നന്ദി.........